പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3829</u> **<u>20/07/2015 ൽ മറുപടിയ്ക്ക്</u>**

**<u>കടുത്തുരുത്തി കടപ്പൂർ ഗവൺമെൻറ് സ്കൂളിന്റെ വഴി</u>**

**<u>ചോദ്യം</u>**

ശ്രീ. മോൻസ് ജോസഫ് :

എ) കോട്ടയം ജില്ലയിൽ കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കടപ്പൂർ ഗവൺമെൻറ്സ്കൂളിന്റെ വഴി നാട്ടുകാർക്കുകൂടി ലഭ്യമാക്കണം എന്നാവശ്യപ്പെട്ട് ബഹു.വിദ്യാഭ്യാസ വകുപ്പു മന്ത്രിയ്ക്ക് 11/07/2013-ൽ സമർപ്പിച്ചിരുന്ന 1585/VIP/M(Edn) നമ്പർ നിവേദനത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

ബി) പ്രസ്തുത പെറ്റീഷൻ കോട്ടയം വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർക്ക് അയച്ചിരുന്നതിന്റെ റിപ്പോർട്ട് കിട്ടിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

സി) പ്രസ്തുത ഫയൽ ഇപ്പോൾ ആരുടെ പക്കലാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ; ബന്ധപ്പെട്ട എം.എൽ.എ യ്ക്കോ, റസിഡന്റ്സ് അസോസിയേഷൻകാർക്കോ ഈ ഫയൽ സംബന്ധിച്ച് എന്തെങ്കിലും അറിയിപ്പ് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

ഡി) പ്രസ്തുത പെറ്റീഷന് പൊതുവിദ്യാഭ്യാസ വകുപ്പിൽ ഫയൽ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഫയൽ നമ്പർ അറിയിക്കാമോ;

**<u>ഉത്തരം</u>**

ശ്രീ: പി.കെ. അബ്ദുറബ്ബ്

(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) & ബി) 1585/VIP/M(Edn) നമ്പർ നിവേദനത്തിന്മേൽ കോട്ടയം വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. ഡി.ഡി.ഇ. സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് **അനുബന്ധം A ആയി ചേർത്തിട്ടുണ്ട്.**

(സി) & (ഡി) കോട്ടയം വിദ്യാഭ്യാസ ഉപ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗവ. തലത്തിൽ മേൽ നടപടി സ്വീകരിച്ചുവരുന്നു.
ഫയൽ നം. 29910/എം1/14/പൊ.വി.വ

സെക്ഷൻ ഓഫീസർ

അനുബന്ധം A

നമ്പർ [illegible]/5471/2013

വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം
കോട്ടയം തീയതി 24/06/15

വിദ്യാഭ്യാസ ഉപഡയറക്ടർ
കോട്ടയം.

ഗവൺമെന്റ് സെക്രട്ടറി
പൊതു വിദ്യാഭ്യാസ (ജി) വകുപ്പ്
തിരുവനന്തപുരം.

സർ,

വിഷയം:- പൊതു വിദ്യാഭ്യാസം - ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, കടപ്പൂരിന്റെ ചുറ്റുമതിൽ കെട്ടിയതിന്റെ ഫലമായി വഴി അടഞ്ഞ് പോയത് - സംബന്ധിച്ച്

സൂചന:- 1) അങ്ങയുടെ 17.01.2015-ലെ 28910/M1/2014/പൊ.വി.വ നമ്പർ കത്ത്.

****

മേൽ വിഷയത്തിലേയ്ക്കും സൂചനയിലേയ്ക്കും ശ്രദ്ധ ക്ഷണിക്കുന്നു. കടപ്പൂർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിലെ ചുറ്റുമതിൽ കെട്ടിയതിന്റെ ഫലമായി വഴി അടഞ്ഞ് പോയത് തുറക്കുന്നതുമായി ബന്ധപ്പെട്ട് ഒരു കൂടിയാലോചനയിലൂടെ അഭിപ്രായം രൂപീകരിച്ച് നിർദ്ദേശം സമർപ്പിക്കണമെന്ന് സൂചന (1) പ്രകാരം അറിയിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥലം സന്ദർശിച്ച് സ്കൂൾ അധികൃതരും NSS കരയോഗ അധികൃതരുമായി ചർച്ച നടത്തി തയ്യാറാക്കിയ റിപ്പോർട്ട് പരിശോധനയ്ക്കും തുടർ നടപടികൾക്കുമായി ഇതോടൊപ്പം സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ,

വിദ്യാഭ്യാസ ഉപ ഡയറക്ടർ

KRP-25, 06/15

<u>കടപ്പൂർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന്റെ ചുറ്റുമതിൽ കെട്ടിയതിന്റെ ഫലമായി അടഞ്ഞുപോയ വഴി തുറക്കുന്നതുമായി ബന്ധപ്പെട്ട് സ്ഥലം സന്ദർശിച്ചതിന്റെ റിപ്പോർട്ട്</u>

കടപ്പൂർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന്റെ പിൻവശത്ത് ചുറ്റുമതിൽ കെട്ടിയതിന്റെ ഫലമായി അടഞ്ഞുപോയ വഴി തുറക്കുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ കടപ്പൂർ NSS കരയോഗം നമ്പർ 152 അധികൃതരുമായി, സ്കൂൾ ഹെഡ്മാസ്റ്ററിന്റെയും, പി.റ്റി.എ. പ്രസിഡന്റിന്റെയും സാന്നിദ്ധ്യത്തിൽ 2015 ജൂൺ 5-ാം തീയതി സ്ഥലം സന്ദർശിച്ച് ചർച്ച നടത്തുകയുണ്ടായി. സ്കൂളിലേയ്ക്കുള്ള വഴിയായി ജംഗ്ഷൻ മുതൽ ഉപയോഗിച്ചു വരുന്ന സ്ഥലം, കരയോഗത്തിന്റെയാണെന്നും സ്കൂളിന്റെ പിൻവശത്തുള്ള ചുറ്റുമതിൽ ഉൾപ്പെടുന്നതും അതിന്റെ ഉള്ളിൽ മതിലിനോട് ചേർന്നുള്ള സ്ഥലവും കരയോഗത്തിന്റെയാണെന്നും കരയോഗ പ്രതിനിധികൾ അറിയിച്ചു. മുൻകാല പ്രവർത്തകർ സ്കൂളിനായി കരയോഗത്തിന്റെ സ്ഥലം വിട്ടു നൽകിയപ്പോൾ മാനുഷിക പരിഗണന വച്ച് ടി സ്ഥലത്തിനായി അവകാശവാദം ഉന്നയിക്കാത്തതാണെന്നും ഇപ്പോൾ വഴി പ്രശ്നം വന്നതുകൊണ്ടാണ് ഇത്തരം വാദം ഉന്നയിക്കുന്നതെന്നും അവർ അറിയിച്ചു.

അക്കരഭാഗത്തു നിന്ന് സ്കൂളിലേയ്ക്ക് വന്നെത്തുന്ന കുട്ടികൾക്കും, കല്ലുറുമ്പേൽ ഹരിജൻ കോളനി നിവാസികൾക്കും സമീപത്തെ പാടശേഖരങ്ങളിലേയ്ക്കുമുള്ള നിലവിലുള്ള സ്കൂൾ മതിലിനോട് ചേർന്നുള്ള നടപ്പുവഴിയുടെ സ്ഥലവും, കരയോഗത്തിന്റെയാണെന്നും സ്കൂൾ ചുറ്റുമതിൽ പൊളിച്ച് മാറ്റി 12 അടി വീതിയിൽ വാഹനഗതാഗത സൗകര്യപ്രദമായ വഴി അത്യാവശ്യമാണെന്നും ആയതിനായി സ്കൂൾ മതിൽ കഴിഞ്ഞ ശേഷമുള്ള ഭാഗത്ത് കരയോഗം സ്ഥലം വിട്ടുനൽകുന്നതാണെന്നും അവർ അറിയിച്ചു. സ്കൂൾ ചുറ്റുമതിൽ പൊളിച്ച് മാറ്റി, സ്കൂൾ കൈവശം വച്ചിരിക്കുന്ന കരയോഗത്തിന്റെ സ്ഥലത്ത് കൂടി വഴി നിർമ്മിക്കണമെന്നും കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ റീസർവ്വേ നടത്തിയപ്പോൾ സ്കൂളിന് അധികമായി 28 സെന്റ് ഭൂമി ഉള്ളതായി തെളിഞ്ഞതായും അവർ വ്യക്തമാക്കി

ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിന്റെയും കരയോഗ അധികൃതരുടേയും, കർഷക പ്രതിനിധികളുടേയും, പി.റ്റി.എ. അധികാരികളുടെയും അഭിപ്രായങ്ങളുടേയും, സ്ഥലം സന്ദർശിച്ചതിന്റെയും അടിസ്ഥാനത്തിൽ റീസർവ്വേയിൽ, സ്കൂളിന് കൂടുതലായുള്ള 28 സെന്റ് സ്ഥലത്തിൽ നിന്ന് 10 അടി വീതിയിൽ സ്കൂൾ ചുറ്റുമതിൽ പൊളിച്ച് വഴി നൽകാവുന്നതാണ്. ഇതുമൂലം സ്കൂളിലേയ്ക്കുള്ള വഴിക്കോ, വാഹന ഗതാഗതത്തിനോ തടസ്സമുണ്ടാകാത്ത വിധമായിരിക്കണമെന്നും നിർദ്ദേശിച്ചു. സ്കൂളിന്റെ പൊളിച്ച് മാറ്റുന്ന മതിൽ, വഴിക്കുള്ള സ്ഥലം വിട്ട് പുനർനിർമ്മിക്കുവാൻ ആവശ്യമായ ഫണ്ട് ലഭ്യമാക്കുവാൻ ജില്ലാ പഞ്ചായത്തിനേയും സ്ഥലം MLA-യേയും സമീപിക്കാനും സ്കൂൾ അധികൃതരേയും കരയോഗ ഭാരവാഹികളേയും ചുമതലപ്പെടുത്തി

(ഒപ്പ്)

വിദ്യാഭ്യാസ ഉപ ഡയറക്ടർ

കോട്ടയം.

RRM 26/06/15

(ഒപ്പ്)
S.O

834